**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **12-07-2022 - ൽ മറുപടിയ്ക്ക്**

**വനവിസ്തൃതി വർധിപ്പിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വനവിസ്തൃതി വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ആർ.കെ.ഡി.പി പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട്, വനാതിർത്തിയിലുള്ള പട്ടികേതര കുടുംബങ്ങളുടെ 3.0532 ഹെക്ടർ കൈവശ ഭൂമി, നഷ്ടപരിഹാരം നൽകിക്കൊണ്ട് വനംവകുപ്പ് ഏറ്റെടുത്ത് ഈ പ്രദേശത്ത് ബാഹ്യ ഇടപെടലില്ലാതെ, സ്വാഭാവിക വനമായി സംരക്ഷിച്ച് വന്യജീവികൾക്ക് സ്വതന്ത്ര സഞ്ചാരം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൽ ആയത് ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതാണ്.<br><br>കാസർഗോഡ് ജില്ലയിൽ കാസർഗോഡ് റെയിഞ്ചിൽ സെക്ഷൻ 19 പ്രകാരം 54.6952 ഹെക്ടർ കണ്ടൽ പ്രദേശം 21.04.2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 16/2021/വനം, പ്രകാരം റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. അപ്രകാരം ജില്ലയിൽ വനവിസ്തൃതി 54.69 ഹെക്ടർ വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് കാഞ്ഞങ്ങാട് റെയിഞ്ചുകളിലെ വിവിധ പ്രദേശങ്ങളിലായി 339.55 ഏക്കർ സ്ഥലം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിലാക്കിയതെന്ന് പറയാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ 2018-19 കാലയളവിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയിൽ ഹോസ്ദുർഗ്ഗ് സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന്റെ കീഴിൽ ചേറ്റുകണ്ട് തീരപ്രദേശത്ത് ഒരു ഹെക്ടർ സ്ഥലത്ത് 10,000 കാറ്റാടി തൈകളും 2020-21 കാലയളവിൽ സി.പി.സി.ആർ.ഐ (സെൻട്രൽ പ്ലാൻറേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) യുടെ അധീനതയിലുള്ള ഭൂമിയിൽ 9000 കാറ്റാടി തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2020-21 വർഷത്തിൽ എടനീർ എച്ച്.എച്ച്.ഐ.ബി.എസ്. ഹയർ സെക്കൻററി സ്കൂൾ, 2021-22 വർഷത്തിൽ ജി.യു.പി.എസ്, കുട്ടക്കനി, ജി.യു.പി.എസ്.പെരിയ, ജവഹർ നവോദയ വിദ്യാലയം പെരിയ, ജി.എച്ച്.എസ്.എസ്. രാവണേശ്വരം എന്നീ സ്കൂളുകളിലും വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>എസ്.വി.എച്ച്.എസ്.എസ്-മിയാപദവ്, അൻമദീന ഇംഗ്ലീഷ് മീഡിയം സ്കൂൾ-പൈവേളിക, ഹോളി ഫാമിലി സ്കൂൾ-കുമ്പള, എസ്.എം.എം.എ.യു.പി.സ്കൂൾ-മുണ്ടിയത്തടുക്ക, ജി.എച്ച്.എസ്.എസ്-പുല്ലൂർ, ഇരിയ എന്നീ സ്കൂളുകളിലും കുട്ടിവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇവ കൂടാതെ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ 2022-23 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് നടത്തി കുട്ടിവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഗവൺമെന്റ് താലൂക്ക് ആശുപത്രി, മംഗൽപാടി, ഹിന്ദുസ്ഥാൻ എയറോനോട്ടിക്കൽ ലിമിറ്റഡ്, സീതാംഗോളി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കാസർഗോഡ് എന്നിവിടങ്ങളിലാണ് ഇത്തരത്തിൽ കുട്ടി വനങ്ങൾ നിർമ്മിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ